## സ്റ്റാൻഡേർഡ് 8




# കലാവിദ്യാഭ്യാസം

## പഠന സഹായി

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2020



Mukita Naz Chowdhury ,age14, Bangladesh



Road in the Mountains, Painting - Andre Derain

## സ്റ്റാൻഡേർഡ് 8

# കലാവിദ്യാഭ്യാസം

## പഠനസഹായി

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2020

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2019
Printed at :




gopika sivadas-age13-kannur-india

പ്രിയപ്പെട്ട കുട്ടികളേ,

കേരളത്തിലെ കലാവിദ്യാഭ്യാസത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് കുട്ടികൾക്ക് നേരിട്ട് ഉപയോഗിക്കുവാൻ കഴിയുന്ന ഒരു പഠന സഹായി പുറത്തിറങ്ങുന്നത്. കല നമ്മുടെ ജീവിതത്തെ കൂടുതൽ ആസ്വാദ്യകരമാക്കുന്നുണ്ടല്ലോ. കലാപഠനം മനുഷ്യന്റെ സർഗ്ഗ ശേഷിയെ മെച്ചപ്പെടുത്തുന്നതോടൊപ്പം തലച്ചോറിന്റെ ഗുണാത്മക വളർച്ചയെ ഏറെ സഹായിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. കലയ്ക്ക് ഒരു ഭാഷയേ ഉള്ളൂ.അത് സാർവ ലൗകിക ഭാഷയാണ്. ലോകത്തിന്റെ ഏതുഭാഗത്തുള്ള കുട്ടികളുടേയും തനതു രചനാരീതി ഒന്നുതന്നെയാണ്.ലോകത്തെവിടെയുമുള്ള കുട്ടികൾക്ക് കിട്ടുന്ന പഠനാനുഭവങ്ങൾ നിങ്ങൾക്കും ലഭ്യമാക്കുക എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം. ഈ പുസ്തകം അത്തരമൊരു ശ്രമം മുന്നോട്ട് വയ്ക്കുന്നുണ്ട്. നിങ്ങളുടെ സഹപാഠികളുടെയും വീട്ടുകാരുടെയും അധ്യാപകരുടെയും സഹായം കൂടി പ്രയോജനപ്പെടുത്തി ഈ പുസ്തകം മികച്ചരീതിയിൽ ഉപയോഗിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.കേരളം



thilini abeysekera, age 15, sri lanka

## പാഠപുസ്തക ശിൽപശാല അംഗങ്ങൾ

### വിദഗ്ധർ

**സാജു തുരുത്തിൽ**
അസിസ്റ്റന്റ് പ്രൊഫസർ, സംസ്കൃത സർവകലാശാല,
കാലടി. (സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മറ്റി അംഗം)

**ഡോ. സുനിൽ വി. ടി**
അസോസിയേറ്റ് പ്രൊഫസർ,
സ്വാതിതിരുനാൾ സംഗീതകോളജ്, തിരുവനന്തപുരം.

**ബി. കെ. രാജഗോപാലൻ നായർ**
പ്രിൻസിപ്പാൾ (റിട്ട) ഡയറ്റ്, കൊല്ലം.

**ജി. സ്റ്റാലിൻ**
സീനിയർ ലക്ചറർ (റിട്ട), ഡയറ്റ് പത്തനംതിട്ട.

**ജി. സോമൻനായർ**
സംഗീതാധ്യാപകൻ (റിട്ട) ജി.വി.എച്ച്.എസ്.എസ് കരകുളം, തരുവനന്തപുരം

### പങ്കാളികൾ

**ഗോപു പട്ടിത്തറ**
കെ.എം.ജി.വി.എച്ച്.എസ്എസ് തവനൂർ. മലപ്പുറം

**ശ്രീധരൻ ടി. പി**
ആർ.വി.എച്ച്.എസ്.എസ് ചൊക്ലി, കണ്ണൂർ.

**എൻ. ടി. രാജീവ്**
ജിഎച്ച്എസ്എസ്.തരിയോട്, വയനാട്.

**ബ്രിജേഷ്. പി**
ടാഗോർ വിദ്യാനികേതൻ, തളിപ്പറമ്പ്, കണ്ണൂർ

**ശ്രീനി. എം. പി**
സെന്റ് ജോർജ്സ് ഹൈസ്കൂൾ. ചെമ്പൻതൊട്ടി, കണ്ണൂർ

**ജ്യോതിചന്ദ്രൻ**
ജി.വി.എച്ച്.എസ്.എസ്.കാറടുക്ക, കാസർഗോഡ്.

**പ്രവീൺ. കെ**
ജി.എച്ച്.എസ് ബെല്ലൂരു, കുമ്പള, കാസറഗോഡ്

**സാബുതോമസ്**
സെന്റ് തോമസ് എച്ച്.എസ്.എസ്.മലയാറ്റൂർ എറണാകുളം.

**ബഷീർ ചിത്രകൂടം**
എം.യു.എച്ച്.എസ്.എസ്.ഊരകം, മലപ്പുറം.

**രാഗം അനൂപ്**
ഡാൻസ്ടീച്ചർ, പത്തനംതിട്ട.

**ലക്ഷ്മി. എസ്. മേനോൻ**
സെന്റ് ജോസഫ് സി.ജി.എച്ച്.എസ്.കാഞ്ഞൂർ, കാലടി, എറണാകുളം.

**ത്രിവിക്രമൻ. കെ. എം**
എസ്.എസ്.ഒ.എച്ച്.എസ്.എസ്. ലക്കിടി, പാലക്കാട്.

**പി. എ. നാരായണൻ**
എച്ച്.എസ്. പെരിങ്ങോട്, പാലക്കാട്.

**രാജേഷ്. എം. കെ**
എച്ച്.എസ്.എസ് ചളവറ, പാലക്കാട്.

**പ്രവീൺ ശേഖർ**
എസ്.എ.എച്ച്.എസ്.എസ് കരിങ്കുന്നം, തൊടുപുഴ, ഇടുക്കി.

### രൂപകല്പന

ഗോപു പട്ടിത്തറ, ശ്രീധരൻ. ടി. പി,

### അക്കാദമിക് കോർഡിനേറ്റർ

**ഡോ. അജീഷ്. പി. ടി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി കേരളം



ashika dileep-age14-kannur-india

# ഉള്ളടക്കം


**ചിത്രകല**

യൂണിറ്റ് - 1 തോൽക്കാൻ മനസ്സില്ല 8
യൂണിറ്റ് - 2 വാതിൽപ്പുറത്തെ നിറമുള്ള കാഴ്ചകൾ 22
യൂണിറ്റ് - 3 ചങ്ങാതിയോടൊപ്പം 33

**സംഗീതം**

യൂണിറ്റ് - 1 അഭിനയഗീതം 40
യൂണിറ്റ് - 2 ഹൃദയതാളവും സംഗീതരൂപങ്ങളും 47
യൂണിറ്റ് - 3 നാട്ടുകലകളും കൂട്ടുവാദ്യങ്ങളും 55

**നൃത്തം**

യൂണിറ്റ് - 1 കേരളത്തിലെ പാരമ്പര്യ നൃത്തരൂപങ്ങൾ 64
യൂണിറ്റ് - 2 നൃത്താവിഷ്കാരം 70
യൂണിറ്റ് - 3 നവരസങ്ങൾ 74

**നാടകം**

യൂണിറ്റ് - 1 നമുക്ക് അഭിനയിക്കാൻ പഠിച്ചാലോ 79
യൂണിറ്റ് - 2 പാവക്കൂത്ത് 83

ഇവിടെ ഇഷ്ടമുള്ള ഒരു ചിത്രം വരയ്ക്കൂ....

ഇത് എന്റെ സ്വന്തം പഠന പിന്തുണ സഹായി

പേര് :

ക്ലാസ് :

സ്കൂൾ :



# ചിത്രകല



image courtecy-18th International Art Competition "Always Green, Always Blue" (Toruń, Poland)



യൂണിറ്റ് 1

# തോൽക്കാൻ മനസില്ല

നാളെ താനാണല്ലോ ആശയം ക്ളാസിൽ അവതരിപ്പിക്കേണ്ടത് എന്നോർത്തപ്പോൾ നെഞ്ചിലൂടെന്തോ പാഞ്ഞു പോകുന്നതുപോലെ. വിചാരിച്ച എല്ലാ ആശയങ്ങളും ക്ളാസിൽ അവതരിപ്പിച്ചു കഴിഞ്ഞു. ഇങ്ങനെ കുടുങ്ങുമെന്ന് ഒട്ടും പ്രതീക്ഷിച്ചതേയില്ല.





# നിറം
# മാറിയ
# സ്വപ്നലോകം

എപ്പോഴാണ് ഉറങ്ങിയതെന്ന് ഓർമ്മയില്ല അതോ ഉറങ്ങിയിട്ടില്ലേ എന്ന്വിശ്വസിക്കാനുമാകുന്നില്ല ക്ലാസിൽ ഉള്ള എല്ലാവരും എന്റെവിളറിവെളുത്ത മുഖമാണ് പ്രതീക്ഷിച്ചിരുന്നതെന്ന് എനിക്ക് മനസ്സിലായി എന്റെ മുഖത്തെ സന്തോഷം അവരെ തെല്ല് അത്ഭുതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അമേയ തുടങ്ങിക്കോളൂ ടീച്ചറുടെ ശബ്ദം പതിവിലും സൗമ്യമായിരുന്നു പറയാൻ പോകുന്നത് ക്ലിക്കായില്ലെങ്കിൽ കഴിഞ്ഞുകഥ. ചെറിയ പതറലോടെ ഞാൻ പറയാനാരംഭിച്ചു നിങ്ങൾ വരയ്ക്കേണ്ടത് ഒരു വാഴത്തോട്ടമാണ്.
നാലോ അഞ്ചോ വാഴകൾ പറഞ്ഞു തീരുന്നതിനു മുമ്പേ കൂട്ടുകാർ ചിരി ആരംഭിച്ചു ടീച്ചറുടെ മുഖത്തും ചെറിയ ഒരു ചിരിയുണ്ടോ അതോ തന്റെ തോന്നലാണോ എന്തായാലും വേണ്ടില്ല തോൽക്കാൻ എനിക്ക് മനസ്സില്ല
നാലോ അഞ്ചോ വാഴകൾ മതി.വാഴ തോട്ടത്തിൽ അച്ഛനും അമ്മയും നിങ്ങളുമാണുള്ളത് അച്ഛൻ പഴുത്ത് തുടങ്ങിയ വാഴക്കുല വെട്ടിയെടുക്കുകയാണ് 'അമ്മ കുടത്തിൽ വെള്ളം എടുത്ത് വാഴകൾ നനയ്ക്കുന്ന നിങ്ങൾ നിങ്ങളുടെ ആട്ടിൻ കുട്ടിയുമായി വാഴകൾക്കിടയിൽ നിൽക്കുകയാണ്.



ടീച്ചർ...ഇതിനെന്തു പുതുമയാണുള്ളത്?.

ഇതൊരു സാധാരണ കാഴ്ചയല്ലേ?.

ഷെഫിനാണ്...തന്നെ തളർത്താനായി...അത് നടക്കൂല മോനെ,ഞാൻ മനസിൽ പറഞ്ഞു.

അമേയ പറഞ്ഞു കഴിഞ്ഞോ,?.

ഇല്ല ടീച്ചർ.


എങ്കിൽ തുടരൂ...

വാഴയിലകൾക്കിടയിലൂടെ അല്പം മാത്രം ആകാശമേ കാണാനുള്ളു..എല്ലാ രൂപങ്ങളും നിങ്ങൾ സാധാരണ ചെയ്യാറുള്ളതുപോലെയോ,കണ്ടതുപോലെയോ,കണ്ടതിനുശേഷം നിങ്ങൾക്ക് ചെയ്യാൻ പറ്റുന്നതുപോലെയോ വരച്ചാൽ മതി.

പക്ഷെ അഞ്ചു വാഴക്കും യഥാർത്ഥ നിറത്തിനു പകരം ഇഷ്ടമുള്ള അഞ്ച് നിറങ്ങൾ നൽകണം.

ഇലകൾക്കും ഇങ്ങിനെ തന്നെ വേണം,പച്ചനിറം കൊടുക്കുവാൻ പാടില്ല.

വാഴപ്പഴത്തിനും നിറം മാറ്റണം.



farhana.keralam,india

എന്നെ കളിയാക്കി ഇരുന്നവരുടെ മുഖങ്ങളിൽ അങ്കലാപ്പ് നിറഞ്ഞത് ശ്രദ്ധിക്കാതെ ഞാൻ തുടർന്നു 'നിങ്ങളുടെ ശരീരത്തിന് മഞ്ഞനിറമാണെങ്കിൽ അച്ഛനും അമ്മയ്ക്കും പച്ചയോ നീലയോ അല്ലെങ്കിൽ നിങ്ങൾക്ക് ഇഷ്ടമുള്ള

നിറമോ നൽകാം. ആടിന്റേയും പക്ഷിയുടെയും എല്ലാം നിറം മാറ്റണം നിറങ്ങൾ അടുത്തടുത്ത് വരുമ്പോൾ ഭംഗിയുണ്ടാവും ശ്രദ്ധിക്കണം, രൂപങ്ങൾ നിൽക്കുന്ന സ്ഥലത്തിന് പച്ചയോ തവിട്ടോ നിറങ്ങൾ കൊടുക്കാൻ പാടില്ല. നിറം മാറുന്ന ഈ ലോകമാണ് ഞാൻ അവതരിപ്പിക്കുന്ന ആശയം.'പറഞ്ഞു നിർത്തിയിട്ടും ആരും അനങ്ങുന്നില്ല ആകെ നിശബ്ദത ഞാൻ തെല്ല് പേടിച്ചു.അബദ്ധമായോ ?



Setareh Shahveisi- iran,winner-26th edition of the World Children's Picture Contest in Tokyo, Japan

ആ നിശബ്ദതയിൽ ആദ്യം മുഴങ്ങിയ കൈയ്യടി ടീച്ചറുടേതായിരുന്നു പിന്നെ അതൊരു കൂട്ട കയ്യടിയായി ടീച്ചറുടെ അഭിനന്ദന വാക്കുകൾ എന്നിൽ ആവേശമായി ഇന്നലെ വരെ എഴുതി തള്ളിയവർക്കിടയിലൂടെ പുതിയൊരു ഞാനായി നടന്ന് എന്റെ സീറ്റിലിരുന്നു വര തുടങ്ങി. അമേയ അവതരിപ്പിച്ച ഈ ആശയം നിങ്ങളുടെ ഇഷ്ടങ്ങളും കൂട്ടി ചേർത്ത് ഭംഗിയുള്ള ഒരു പെയിന്റിങ്ങാക്കി മാറ്റൂ.





rinsha.m.keralam,india

ബ്രഷുകൊണ്ട് എ – ത്രി പേപ്പറിൽ നേരിട്ട് വരയ്ക്കണം വര പൂർത്തിയാവാത്തവർ വീട്ടിലെത്തി പൂർത്തിയാക്കി അടുത്ത ക്ലാസ്സിൽ കൊണ്ടുവരണം, ഭംഗിയായി ചിത്രങ്ങൾ പ്രദർശിപ്പിക്കണം. കുറിപ്പ് തയ്യാറാകണം വിലയിരുത്തണം, സ്കോറുകൾ തന്നിട്ടുള്ള മാതൃകാ പട്ടികയിൽ ചേർക്കണം.

# നിറമുള്ള പേപ്പറിൽ ഓയിൽ പേസ്റ്റൽ ചിത്രം




portarit of henri gabriel ibel-toulous lautrec

വെള്ളപേപ്പറിൽ വരയ്ക്കുന്നതിൽ നിന്നും നിന്നും ചെറിയ വ്യത്യാസം ഉണ്ട് നിറമുള്ള പേപ്പറിലെ വരയ്ക്ക്. കറുപ്പിലോ അല്ലെങ്കിൽ എങ്കിൽ ലഭ്യമായിട്ടുള്ള ഏതെങ്കിലുംനിറമുള്ള പേപ്പറിലോ ആണ്വരക്കേണ്ടത്.വരയ്ക്കാൻ ചാർട്ട് പേപ്പറിന്റെ വലുപ്പമുള്ള  ഷീറ്റ് ഉപയോഗിക്കണം.ജീവിക്കാൻ വേണ്ടി തെരുവിൽ ചെറിയ സർക്കസ് നടത്തുന്ന കുടുംബത്തെയാണ് വരക്കേണ്ടത് കാഴ്ചക്കാരെ വേണമെന്നില്ല.ഇവരുടെ വേഷം, സംഗീത ഉപകരണം തുടങ്ങി എല്ലാ കാര്യങ്ങളും ചർച്ചചെയ്യണം രൂപങ്ങൾ നിങ്ങൾക്ക് കഴിയുന്ന രീതിയിൽ വരയ്ക്കാം.എന്നാൽ രൂപങ്ങൾ സർക്കസ് ചെയ്തു കൊണ്ടിരിക്കുകയാണെന്ന തോന്നൽ വേണം.വലിയ പേപ്പറിൽ വലുതാക്കി വരയ്ക്കുക എന്നത് വെല്ലുവിളി ഉയർത്തുന്ന ഒരനുഭവമാണ്.അതിനാൽ രൂപങ്ങൾ വരയ്ക്കേണ്ട വലുപ്പം ടീച്ചറുമായി ചർച്ചചെയ്ത് നിശ്ചയിക്കണം.വരച്ച ചിത്രങ്ങൾ മൗണ്ട് ചെയ്ത് പ്രദർശിപ്പിക്കണം എല്ലാവരും പ്രദർശനത്തിൽ പങ്കെടുക്കണം.സൃഷ്ടികൾ വിലയിരുത്തണം.

# കണ്ണുണ്ടായാൽ മാത്രം പോര

വീട്ടിലെത്തി പരീക്ഷിച്ചപ്പോഴാണ് തീഷ്ണമായ വെളിച്ചത്തിലും കുറഞ്ഞ വെളിച്ചത്തിലും വസ്തുക്കളെ വ്യക്തമായി കാണാനാകുന്നില്ലെന്നും വെളിച്ചത്തിന്റെ എതിർ ദിശയിൽ നിഴലുണ്ടാകുമെന്നും ബോധ്യപ്പെട്ടത് വരയ്ക്കുമ്പോൾ വസ്തുക്കൾ ഉരുണ്ടതായി തോന്നിക്കാൻ അതിൽ പതിക്കുന്ന വെളിച്ചത്തിന്റെയും നിഴലിന്റെയും കൃത്യമായ ചിത്രീകരണം മനസിലായെങ്കിലും അങ്ങിനെ ചെയ്യാൻ കഴിയാത്തത് വല്ലാതെ വിഷമമായി അടുത്തിരിക്കുന്ന നിത്യ വരച്ച ചിത്രത്തിന് ഉരുണ്ടതായ തോന്നൽ ഉണ്ടായിട്ടുണ്ട്.

Matisse-Nature morte, jacinthe, tapis, 1910





henri matisse-red interieor still life on a blue table


# പരന്ന കാഴ്ചയിലൂടെ
# ഉരുണ്ട കാഴ്ചയിലേക്ക്


വല്ലാതെ വിഷമത്തോടെയാണ് ക്ലാസിൽ എത്തിയത്.ഇന്നും എന്റെ ചിത്രം മോശമായി പോകുമല്ലോഎന്നത് ഉള്ളിൽ വിങ്ങലായിത്തന്നെ നിന്നു.



നോക്കിയപ്പോൾ ഞാൻ മാത്രമല്ല രണ്ട് കുട്ടികളൊഴിച്ച്  ബാക്കി എല്ലാവരുടെ ചിത്രവും എന്റേതു പോലെയായിരുന്നു.ജീവിതത്തിലാദ്യമായി വരയോട് വല്ലാത്തൊരു  അകൽച്ച പോലെ.ടീച്ചർ ക്ളാസിൽ എത്തി പ്രൊജക്ടർ ഓൺ ചെയ്തപ്പോഴേക്കും എന്റെ നെഞ്ചിടിപ്പ് കൂടാൻ തുടങ്ങി സ്ക്രീനിലതാ ഞാൻ ഇന്നലെ വരച്ച ചിത്രം.ടീച്ചർ പറയാൻ പോകുന്ന കാര്യമാലോചിച്ച് കണ്ണിറുകെ അടച്ച് തലതാഴ്ത്തി ഞാനിരുന്നു.ഇന്നലെ നിത്യയുടെ ചിത്രം കാണിച്ചപ്പോൾ ഉയർന്ന കൈയ്യടിയൊന്നുമില്ല. പരിപൂർണ്ണ നിശബ്ദത.അടുത്തതായി കാണിച്ചത്  ലോകപ്രശസ്തനായ ഹെൻട്രി മത്തീസിന്റെ ചിത്രമായിരുന്നു.ഉരുണ്ട തോന്നലില്ലാത്ത പരന്ന ചായത്തേപ്പുള്ള ചിത്രങ്ങൾ.കാണാൻ നല്ല ചന്തമുണ്ട്. പിന്നീട് രണ്ട് ചിത്രത്തെപ്പറ്റിയും ടീച്ചർ പറഞ്ഞ കാര്യങ്ങൾ ഞങ്ങളിൽ ആത്മവിശ്വാസം നിറച്ചു. വരയോടുള്ള ഇഷ്ടം തിരിച്ചുവരാൻ തുടങ്ങി.






# വരയ്ക്കാം ഒറ്റ നിറത്തിൽ

എല്ലാവർക്കും ധൈര്യമായില്ലേ.ടീച്ചർ ഒരുക്കിവെച്ചിട്ടുള്ള മോഡൽ നോക്കി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന രീതിയിൽ ഒരു ഡ്രോയിങ്ങ് തയ്യാറാക്കൂ.പേനകൊണ്ടോ ബ്രഷുകൊണ്ടോ വരയ്ക്കാം എ4 പേപ്പറിൽ വരയ്ക്കണം മോഡലിൽ ഇരുണ്ടുകാണുന്ന ഭാഗങ്ങൾ ചിത്രത്തിൽ കൂടുതൽ കറുപ്പിക്കണം നിഴൽവരയ്ക്കണം ഏറ്റവും ഇരുണ്ടത് നിഴലാവും. ഉരുണ്ടതോന്നൽ തൽക്കാലംകിട്ടിയില്ലെങ്കിലും രൂപങ്ങളുടെ ആകൃതി വലുപ്പംഎന്നിവ കൃത്യമാകാൻ ശ്രദ്ധിക്കണം വരച്ചവപരസ്പരംകാണണം അഭിപ്രായങ്ങൾ രേഖപ്പെടുത്തണം വരച്ച ചിത്രങ്ങൾ ടീച്ചർ സ്ക്രീൻ കാസറ്റ് ചെയ്യും അപ്പോൾ എല്ലാവര്ക്കും കാണാമല്ലോഇനി ഓരോചിത്രത്തിനും സ്കോർ നൽകൂ ചിത്രങ്ങളെല്ലാം ചേർത്ത് ഭംഗിയുള്ളപുസ്തകമാക്കൂ. ഈ ചിത്രത്തെ അടിസ്ഥാനമാക്കിവീട്ടിലിരുന്ന് ഒരു പെയിന്റിംഗ് തയ്യാറാക്കണം.ഇഷ്ടമുള്ള നിറം നൽകാം ഇത് നിറം നൽകിയാലും ഏത് വസ്തുവാണെന്ന് തിരിച്ചറിയാനാകണം. പശ്ചാത്തലത്തിലും ഉചിതമായ നിറം കൊടുക്കണം.



അടുത്ത ക്ളാസിൽ വരുമ്പോൾ ഭംഗിയുള്ള തുണിക്കഷണങ്ങൾ പേപ്പർ,കഷണങ്ങൾ,കത്രിക,പശ,എ4 പേപ്പർ എന്നിവ കൊണ്ടുവരണം.






collage-brijesh punnath,india



## ഒട്ടിച്ചുണ്ടാക്കാം ചിത്രങ്ങൾ

ഒരുക്കിവച്ചിട്ടുള്ള മോഡലിന്റെ ബാഹ്യ രേഖ നിറം കുറച്ച് എ4 പേപ്പറിൽ പെൻസിൽ കൊണ്ട് വരയ്ക്കാം. നല്ല വലുപ്പത്തിൽ വരയ്ക്കണം ഇനി നിങ്ങൾ കൊണ്ടുവന്ന തുണിക്കഷണങ്ങളിൽനിന്നും ഉചിതമായത് മുറിച്ച് രേഖയ്ക്കകത്ത് ഒട്ടിച്ച് ചിത്രമാക്കണം.നിറങ്ങൾക്ക് പകരമാണ് നിറമുള്ള തുണികളും പേപ്പറുകളും ഉപയോഗിക്കുന്നത്

ഇങ്ങനെ ചിത്രങ്ങൾ തയ്യാറാക്കുന്നതിനെ കൊളാഷ് എന്നാണ് പറയുന്നത്. കൂടുതൽ കാര്യങ്ങൾ ടീച്ചർ പറഞ്ഞുതരും. വരച്ച ചിത്രങ്ങൾ വൃത്തിയിൽ മൗണ്ട് ചെയ്ത് സ്കൂളിൽ കൊളാഷ് ചിത്രപ്രദർശനം നടത്തണം പ്രദർശനത്തിനൊപ്പം ടീച്ചറും കുട്ടികളും എല്ലാ ചിത്രങ്ങളുംമൂല്യ നിർണ്ണയം നടത്തണം. മാനദണ്ഡങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കൂ.




sue flask, malta-still life 2001

# എം. വി. ദേവൻ

M.V.DEVAN



കേരളം

1928-2014


എം.വി.ദേവൻ 1928 ജനുവരി 15ന് കണ്ണൂർ ജില്ലയിലെ ചൊക്ലിയിൽ ജനിച്ചു. ഡി പി റോയ് ചൗധരി, കെ.സി.എസ്. പണിക്കർ എന്നിവരുടെ കീഴിൽ മദ്രാസ് സ്കൂൾ ഓഫ് ആർട്സിൽനിന്ന് ചിത്രകലയിൽ പരിശീലനം പൂർത്തിയാക്കി. 1952 മുതൽ 1961 വരെ മാതൃഭൂമിയിൽ സ്റ്റാഫ് ആർട്ടിസ്റ്റ് സതേൺ ലാങ്ഗ്വേജസ് ബുക് ട്രസ്റ്റിന്റെ മലയാളം എഡിറ്റർ (1961 - 62). മദ്രാസ് ലളിതകലാ അക്കാദമി സെക്രട്ടറി (1962 - 58), 1968 മുതൽ 1972 വരെ ഫാക്ടിലെ ഫെഡോയിൽ ആർട്ട് കൺസൾട്ടന്റ് 1974 - 77ൽ കേരള ലളിതകലാ അക്കാദമി ചെയർമാൻ, കൊച്ചി കേരള കലാപീഠത്തിന്റെ സ്ഥാപകൻ, മയ്യഴിയിലെ മലയാള കലാഗ്രാമത്തിന്റെ ഡയറക്ടർ, നവസാഹിതി, ഗോപുരം എന്നീ പ്രസിദ്ധീകരണ ങ്ങളുടെ എഡിറ്റർ, ദേവസ്പന്ദനം, ദേവയാനം, ദേവസ്പർശം, സ്വാതന്ത്ര്യം കൊണ്ട് എന്തു ചെയ്തു എന്നിവ കൃതികൾ വയലാർ അവാർഡ്, മലയാറ്റൂർ അവാർഡ്, മാതൃഭൂമി പുരസ്കാരം, രാജാ രവിവർമ്മ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ഭാര്യ ശ്രീദേവി. മക്കൾ ജമീല, ശാലിനി. 2014 ഏപ്രിൽ 29ന് അന്തരിച്ചു.



## സി.എൻ.കരുണാകരൻ

സി.എൻ.കരുണാകരൻ 1940 ൽ ഗുരുവായൂരിനടുത്ത് ബ്രഹ്മകുളത്ത് ജനിച്ചു. മദ്രാസ് സ്കൂൾ ഓഫ് ആർട്സിൽ കെ.സി.എസ് പണിക്കരുടെശിക്ഷണത്തിൽ ചിത്രകലാപഠനം നടത്തി. രേഖകളാൽ സമൃദ്ധമായ തനതായ ഒരു രചനാസമ്പ്രദായത്തിനുടമയാണ് സി.എൻ, കേരളീയ ചുമർചിത്രകലയിൽനിന്നുംഊർജ്ജമാവാഹിച്ച ഈ സമ്പ്രദായം തന്നെയാണ് സി.എൻ ചിത്രങ്ങളുടെ മുഖമുദ്ര. കേരളത്തിനകത്തും പുറത്തുമായി ഒട്ടേറെ പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. കേരള ലളിതകലാ അക്കാദമി ചെയർമാനായിരുന്നു. 2013 ഡിസംബർ 14ന് അന്തരിച്ചു.

C.N.KARUNAKARAN




കേരളം

1940-2013



# നമ്പൂതിരി

NAMBOODIRI




കേരളം

1925

1925ൽ പൊന്നാനിയിലെ കരുവാട്ടു മനയിലാണ് കെ.എം.വാസുദേവൻ നമ്പൂതിരി എന്ന ആർട്ടിസ്റ്റ് നമ്പൂതിരി ജനിച്ചത്. കുട്ടിക്കാലത്ത്, വീടിനടുത്തുള്ള ശുകപുരം ക്ഷേത്രത്തിലെ ശില്പങ്ങൾ അദ്ദേഹത്തെ സ്വാധീനിച്ചു. "വരയ്ക്കാനും ശില്പങ്ങൾ രൂപപ്പെടുത്താനും എന്നിൽ ഈ ക്ഷേത്ര ശില്പങ്ങൾ പ്രചോദന മുണ്ടാക്കി" നമ്പൂതിരി പറയുന്നു. പിന്നീട് മദ്രാസ് സ്കൂൾ ഓഫ് ഫൈൻ ആർട്സിൽ പെയിന്റിംഗ് പഠിച്ചു. കെ. സി. എസ്. പണിക്കരായിരുന്നു ഗുരു. രേഖാചിത്രരചനയിൽ (illustration) തന്റേതായ ഒരു സവിശേഷ രീതി നമ്പൂതിരി രൂപപ്പെടുത്തിയിട്ടുണ്ട്. രാമായണത്തെയും സ്വാതന്ത്ര്യ സമര ത്തെയും ചിത്രീകരിക്കുന്ന ചെമ്പ് ഫലകങ്ങളിൽ മെറ്റൽ റിലീഫുകളുടെ പരമ്പര ചെയ്തിട്ടുണ്ട്. 1974 ൽ ജി. അരവിന്ദൻ സംവിധാനം ചെയ്ത ഉത്തരം എന്ന മലയാള ചിത്രത്തിന് മികച്ച കലാസംവിധാനത്തിനുള്ള സംസ്ഥാന അവാർഡ്. 2003 ൽ രാജാ രവിവർമ്മ പുരസ്കാരം 2004 ൽ കുട്ടികളുടെ രാമായണം എന്ന കൃതിയിൽ വരച്ച ചിത്രങ്ങൾക്ക് ബലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് എന്നിവ നേടി.





# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |


| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..........................................................................................................................

...........................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



paul gauguin-brton boy in a landscape with goose

## വാതിൽപ്പുറത്തെ
## നിറമുള്ള കാഴ്ചകൾ


ചായ കുടിക്കാൻ ഇരിക്കുമ്പോഴാണ് മനോഹരമായ ആ ദൃശ്യം കണ്ണിൽപ്പെട്ടത്. ഒരുവേള അതൊരു ചിത്രമാണോ എന്ന്  വരെ സംശയമായി. തുറന്നു കിടക്കുന്ന അടുക്കള വാതിലിലൂടെ കണ്ട കാഴ്ച യായിരുന്നു അത്. മുറ്റത്ത് നിൽക്കുന്ന തേൻവരിക്ക പ്ലാവ്.. അതിനു ചുവട്ടിൽ വച്ചിട്ടുള്ള ചുവന്ന ബേസിനിൽ നിന്ന് വെള്ളം കുടിക്കുന്ന വെളുമ്പി  ആട്ടിൻ കുട്ടി. വലതു വശത്ത് നിറയെ കായ്കളു മായി നിൽക്കുന്ന പപ്പായമരം. താഴത്ത് അനു നട്ടുപിടിപ്പിച്ച  മഞ്ഞയും ഓറഞ്ചും നിറമുള്ള ചെണ്ടു മല്ലിയും  വാടാമുല്ലയും. പ്ലാവിൽ നിറയെ ചെറുപ്രായത്തിലുള്ള ചക്കകൾ. താഴെ വീണുകിടക്കുന്ന പല നിറത്തിലുള്ള പ്ലാവിലകൾ കാലത്തെ ഇളം വെയിലിന്റെ മഞ്ഞ നിറം ആ ദൃശ്യത്തിന് ഏറെ ഭംഗി കൂട്ടുന്നു.



Landscape with Old Green House - Suren Nersisyan

# വരച്ചു നോക്കാം
# വാതിൽപ്പുറ കാഴ്ചകൾ

പലപ്പോഴും നിങ്ങളുടെ കണ്ണിൽ പെട്ടിട്ടില്ലേ?.ക്ലാസിൽ ഇരിക്കുമ്പോഴും വീട്ടിലിരിക്കുമ്പോഴും കണ്ട കാഴ്ചകളെത്ര!.നിങ്ങൾ സ്ഥിരം കാണുന്ന ഇത്തരം ഒരു ദൃശ്യം സൂക്ഷ്മമായി നിരീക്ഷിക്കൂ. തടിയുടെ, ഇലയുടെ, വേരുകളുടെ അടുത്ത് നിൽക്കുന്ന ചെടിയുടെ എല്ലാംആകൃതി വ്യത്യാസം എന്നിവ നിരീക്ഷണത്തിന് വിധേയമാക്കണം ഇനി പേന എടുത്ത് ഈ ദൃശ്യത്തിന്റെ ഡ്രോയിങ്ങ് തയ്യാറാക്കൂ.ബ്രഷോ സ്കെച്ച് പെന്നോ മാർക്കറോ ചാർക്കോളോ ഉപയോഗിക്കാം.വസ്തുക്കളുടെ രൂപവും സ്വഭാവവും കൊണ്ടുവരാൻ ശ്രദ്ധിക്കണം വാതിലിലൂടെ കാണുന്ന എല്ലാം വരയ്ക്കണമെന്നില്ല.ആദ്യ വരയിൽ തന്നെ വസ്തുക്കളുടെ സ്വഭാവം കൊണ്ടുവരാൻ കഴിയണമെന്നില്ല.എന്നാലും ശ്രമിക്കണം സൂക്ഷ്മനിരീക്ഷണങ്ങൾ വരയിൽ വരണം.



Derain-Andre-Turning-Road-cartel

വരച്ചവ എല്ലാവർക്കും കാണാവുന്ന വിധത്തിൽ ടീച്ചർ സ്ക്രീൻ കാസ്റ്റ് ചെയ്യും. ചർച്ചകൾ നടത്തി കാഴ്ചയിൽ വേണ്ട മാറ്റങ്ങൾ വരുത്തൂ. എ4 പേപ്പറിൽ വരയ്ക്കൂ. വരച്ചതിൽ നിറം കൊടുക്കണം. രൂപങ്ങൾക്ക് യഥാർത്ഥ നിറം കൊടുക്കണമെന്നില്ല. അങ്ങനെ ചെയ്താലും കുഴപ്പമില്ല.പേപ്പറിൽ എല്ലായിടത്തും ഉചിതമായ നിറം കൊടുക്കണം. ഏത് നിറം ഉപയോഗിച്ചാലും രൂപത്തെ തിരിച്ചറിയാൻ കഴിഞ്ഞാൽ നന്നായി. വരച്ച ചിത്രങ്ങൾ മൗണ്ട് ചെയ്ത് ക്ലാസ്സിൽ പ്രദർശിപ്പിക്കണം.എല്ലാവരും തങ്ങൾ വരച്ച ചിത്രത്തിനും കൂട്ടുകാരുടെ ചിത്രത്തിനും സ്കോർ നൽകണം. ടീച്ചറും സ്കോർ നൽകണം. ലഭിച്ച സ്കോർ തന്നിട്ടുള്ള പട്ടികയിൽ രേഖപ്പെടുത്തണം.

Landscape-with-Woman-Walking-vincent vangogh



# വാതിൽപ്പുറകാഴ്ചയുടെ
# കൊളാഷ്ചിത്രം

വീട്ടിലെത്തി നിങ്ങൾ കണ്ടെടുക്കുന്ന കാഴ്ചയിലെ രൂപങ്ങളുടെ ബാഹ്യരേഖ പെൻസിൽകൊണ്ട് എ3 പേപ്പറിൽ നിറംകുറച്ച് വരക്കൂ.നിറമുള്ളപേപ്പർ,തുണിക്കഷ്ണങ്ങൾ എന്നിവ ബാഹ്യരേഖക്കുള്ളിൽ ഉചിതമായി ഒട്ടിച്ച് മനോഹരമായ കൊളാഷ്ചിത്രം തയ്യാറാക്കൂ.ഈചിത്രം സ്കൂളിൽ പ്രദർശിപ്പിക്കണം. വിലയിരുത്തണം. ചിത്രം  ഫ്രെയിം ചെയ്ത് വീട്ടിൽ സ്ഥിരമായി പ്രദർശിപ്പിക്കൂ.



ഇലകൾ പച്ചയാണെങ്കിലും സൂക്ഷിച്ചുനോക്കിയാൽ അതിൽ നീലയും മഞ്ഞയും എല്ലാം കാണാൻ കഴിയും.തടിക്കും ചില്ലകൾക്കുമെല്ലാം  ഇത്തരം പ്രത്യേകതകളുണ്ട്.ഒറ്റ നോട്ടത്തിൽ നിന്ന് സൂക്ഷ്മ നിരീക്ഷണത്തിലേയ്ക്ക് കടക്കണം. തടിയുടെയും ഇലകളുടെയും നിറം മാറ്റുകയും ചെയ്യണം.

ദൃശ്യത്തിലെ രൂപങ്ങളെ ചിത്രത്തിന്റെ ഭംഗിക്കുവേണ്ടി
ഉചിതമായ ഭാഗത്തേയ്ക്ക്  മാറ്റി ഉൾപ്പെടുത്താം.

**രൂപരേഖകൾക്കുള്ളിലോ അല്ലാതെയോ ഉചിതമായി പേപ്പർക്കഷ്ണം, തുണിക്കഷണം തുടങ്ങിയവ ഭംഗിയായി ഒട്ടിച്ചുചേർത്ത് തയ്യാറാക്കുന്ന ചിത്രങ്ങളാണ് കൊളാഷ് ചിത്രങ്ങൾ.**



wynn phyo zaw,age 14, myanmar

# മനുഷ്യരൂപം വരയ്ക്കാം

മനുഷ്യരൂപം വരയ്ക്കൽ എപ്പോഴും ബുദ്ധിമുട്ടുള്ള കാര്യമാണ്. നിൽക്കുന്നത് ഒരു വിധ മൊപ്പിക്കാം. ഇരിക്കുന്നത് വരയ്ക്കൽ വിഷമമുള്ള കാര്യം തന്നെയാണ്. പേടി മാറ്റാൻ ഇന്ന് എന്ത് മാജിക്കുമായാണാവോ ടീച്ചർ ക്ലാസിലെത്തുന്നത്.



tugba aslan,age 12, turkey

## കുത്തി വരയ്ക്കാം പേടി മാറ്റാം


ഇന്ന് പേടി മാറ്റാം എന്ന് പറഞ്ഞിട്ട്
കൈയും വീശിയാണല്ലോ ടീച്ചർ വന്നത്.
നിലോവ്നയുടെ ചോദ്യം കേട്ട് ഞങ്ങൾക്കൊപ്പം ടീച്ചറും
ചിരിച്ചു.. ചുവരിനോട് ചേർന്നു കിടക്കുന്ന മേശപ്പുറത്ത്
കയറിയിരുന്നു, ടീച്ചർ.
ടീച്ചർ ഇങ്ങനെ ഇരിക്കാറില്ലല്ലോ ...
എല്ലാവരും ഡ്രോയിങ്ങ് ബുക്കെടുക്കൂ.
ആശങ്ക തീരുന്നതിന് മുമ്പെ ടീച്ചർ പറഞ്ഞു.
ഇനി പേന കൊണ്ട് മേശപ്പുറത്തിരിക്കുന്ന
എന്നെ നന്നായി നിരീക്ഷിച്ച് ബുക്കിൽ എന്റെ രൂപം
പേനകൊണ്ട് കുത്തി വരയ്ക്കൂ. നിൽക്കുമ്പോഴും
ഇരിയ്ക്കുമ്പോഴും ശരീരത്തിന് വരുന്ന മാറ്റം
ശ്രദ്ധിക്കണേ.
ആദ്യം വരയ്ക്കുമ്പോൾ കൃത്യമായി ചെയ്യാൻ
കഴിഞ്ഞില്ലെന്ന് വരാം.പേടിക്കേണ്ട.
ധൈര്യമായി വരച്ചോളൂ.



saraswati eka ramadhani,age 8, indonesia

കോറിവരച്ച ചിത്രങ്ങൾ എല്ലാവരും പരസ്പരം കാണൂ. ഇരിയ്ക്കുന്ന രീതി ഏതാണ്ട് ശരിയായി കിട്ടിയിട്ടുള്ള ചിത്രം വെച്ച് ചർച്ച നടത്തൂ. നിങ്ങളുടെ വര മെച്ചപ്പെടുത്തൂ. വരച്ചപ്പോൾ എല്ലാവർക്കും പേടി മാറിയല്ലോ.വീട്ടിലെത്തി ഒരു അ3പേപ്പറിൽനിങ്ങളുടെ അനിയന്റെയോ അനിയത്തി യുടേയോ ഇരിക്കുന്ന ചിത്രം വരയ്ക്കൂ ബ്രഷു കൊണ്ട് നേരിട്ട് വരച്ച് ഇഷ്ടമുള്ള നിറം കൊടുക്കൂ. വസ്ത്രങ്ങളിൽ ഡിസൈനുകൾ ഉണ്ടായിക്കോട്ടെ. പശ്ചാത്തലത്തിലും നിറം കൊടുക്കണം. വരച്ച രണ്ട് ചിത്രവും അടുത്ത ക്ലാസിൽ പ്രദർശിപ്പിക്കൂ. വിലയിരുത്തൂ.

അടുത്ത ക്ലാസിൽ വരുമ്പോൾ ഒരു ചാർട്ട് പേപ്പർ നീളത്തിൽ നെടുകെ മുറിച്ചതും, ചാർക്കോളും കൊണ്ടുവരണം. ചാർക്കോൾ ലഭ്യമല്ലെങ്കിൽ ഉചിതമായ മീഡിയം ഉപയോഗിക്കാം.



madhavi leuke bandara, age 15, sri lanka

## നീളൻ പേപ്പറിൽ നിൽക്കുന്ന മനുഷ്യരൂപം

ഇന്ന് ജബിനാണ് നമ്മുടെ മോഡൽ.ടീച്ചർ ജബിനെ ചുമരു ചാരി നിർത്തി. അവന്റെ സൈഡ് വ്യൂ ആണ് ഞങ്ങൾക്ക് കാണാനാവുന്നത്.മുന്നിൽ നിന്നുള്ള കാഴ്ചയും വശത്തു നിന്നുള്ള കാഴ്ചയും തമ്മിലുള്ള വ്യത്യാസം ടീച്ചർ വളരെ ലളിതമായി പറഞ്ഞു തന്നു.പേപ്പറിൽ ചാർക്കോൾ കൊണ്ട് നിറം കുറച്ച്, നിൽക്കുന്ന ജബിന്റെ രൂപം കോറിവരയ്ക്കൂ. വരത്തിയായാൽ ഉചിതമായ വരയ്ക്ക് നിറം കൂട്ടു. വെളിച്ചം അധികം പതിയ്ക്കാത്ത ഭാഗത്ത് ഷെയ്ഡ് ചെയ്യൂ. വരച്ച ചിത്രം പ്രദർശിപ്പിക്കൂ. വിലയിരുത്തൂ

.

വീട്ടിലെത്തി നീളൻ പേപ്പറിൽ നിൽക്കുന്ന രൂപം പെൻസിൽ കൊണ്ട് നിറം കുറച്ച് വരക്കൂ. രൂപത്തിൽ നിറമുള്ള പേപ്പർ കഷ്ണം ഭംഗിയുള്ള തുണി കഷ്ണം എന്നിവ ഒട്ടിച്ച് കൊളാഷ് ചിത്രം തയ്യാറാക്കണം. അടുത്ത ക്ലാസിൽ കൊളാഷ് ചിത്രത്തിന്റെ പ്രദർശനം നടത്തണം.






1967 ൽ തൃശൂർ ജില്ലയിലാണ് രാജൻ കൃഷ്ണൻ ജനിച്ചത്. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം പൂർത്തിയാക്കിയ ശേഷം തിരുവനന്തപുരത്തെ കോളേജ് ഓഫ് ഫൈൻആർട്സിൽ പെയിന്റിംഗിൽ ബിരുദം നേടി. തുടർന്ന് ബറോഡ യൂണിവേഴ്സിറ്റി ഫൈൻ ആർട്സ് ഫാക്കൽറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടി. രാജൻ കൃഷ്ണന്റെ കല പ്രകൃതിയോടും പരിസ്ഥിതിയോടും വലിയ ആഭിമുഖ്യം പുലർത്തുന്നു. തന്റെ യൗവനത്തിലെ കേരളത്തിലെ വയലുകളും ഗ്രാമങ്ങളും അദ്ദേഹത്തിന്റെ ചിത്രങ്ങളിൽ നിറഞ്ഞു കാണാം. രാജൻ കൃഷ്ണൻ 2016 ൽ അന്തരിച്ചു.








30

## അശാന്തൻ




ASHANTHAN

കേരളം

1968-2018

1968 ലായിരുന്നു അശാന്തൻ എന്നറിയപ്പെട്ട മഹേഷ് ജനിച്ചത്. പോണേക്കര പീലിയാട് കുട്ടപ്പനും കുറുമ്പയും മാതാപിതാക്കൾ. ചിത്രകലയിലും ശിൽപ കലയിലും കൊച്ചി കലാപീഠത്തിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ അദ്ദേഹം, കേരളിയ ചിത്രകാരന്മാരിലെ ശ്രദ്ധേയ സാന്നിദ്ധ്യമായി മാറി. ഫോർട്ടുകൊച്ചി ഏക ആർട്ട്ഗാലറി, ഇടപ്പള്ളി ചങ്ങമ്പുഴ സ്മാരക ഗ്രന്ഥശാല എന്നിവിടങ്ങളിൽ ചിത്രകലാ അധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്നു.

പ്രകൃതിയുടെ വിവിധ ഭാവങ്ങളെ ഗ്രാമീണജീവിത്തിന്റെ നേർക്കാഴ്ച കളുൾച്ചേർത്ത് അശാന്തൻ ചിത്ര ങ്ങൾ വരച്ചു. മുടിയാട്ടം, കതിരുകാള, തുടിപ്പാട്ട് തുടങ്ങിയ നാടൻകലകളും അദ്ദേഹത്തിന്റെ ചിത്രങ്ങൾക്ക് പ്രമേയമായിട്ടുണ്ട്. 1998, 1999, 2007 വർഷങ്ങളിൽ കേരള ലളിതകലാ അക്കാദമി അവാർഡ് നേടി. പ്രഥമ സി. എൻ. കരുണാകരൻ സ്മാരക അവാർഡ് അശാന്തനായിരുന്നു ലഭിച്ചത്. 2018 ജനുവരി 31 ന് അശാന്തൻ നിര്യാത നായി.



എഡ്മണ്ട് തോമസ് ക്ലിന്റ് കുട്ടിക്കാലത്തു തന്നെ വളരെ യധികം ചിത്രങ്ങൾ വരച്ച് ലോകത്തെ അതിശയിപ്പിച്ച ഒരു കുട്ടിയായിരുന്നു. ക്ലിന്റ് ജീവിച്ചിരുന്ന ഏഴു വയസ്സി നുള്ളിൽ തന്നെ 25,000 ത്തോളം ചിത്രങ്ങൾ വരച്ചിരുന്നു

1976 മേയ് 19 നു എം.ടി.ജോസഫ്– ചിന്നമ്മ ദമ്പതികൾക്ക് ജനിച്ച ഏക മകനായിരുന്നു ക്ലിന്റ് എന്ന ചുരുക്കപ്പേരിൽ വിളിച്ചിരുന്ന എഡ്മണ്ട് തോമസ് ക്ലിന്റ്. തീരെ ചെറുപ്പത്തിൽ തന്നെ ഈ കുട്ടി ചിത്രങ്ങളോട് പ്രായത്തിൽ കവിഞ്ഞ താൽപര്യം കാണിച്ചിരുന്നു എന്ന് മാതാപിതാക്കൾ പറയുന്നു. തന്റെ വീടിന്റെ അടുത്തുള്ള ക്ഷേത്രങ്ങളിലെ ആഘോഷങ്ങളുടെ ചിത്രങ്ങൾ വരക്കുന്നതിനായിരുന്നു ക്ലിന്റിന് ഏറെ താൽപര്യം. മനോഹരമായ അനവധി ചിത്രങ്ങൾ ക്ലിന്റ് തന്റെ ക്ഷണികമായ ജീവിതത്തിനുള്ളിൽ വരച്ചു തീർത്തിരുന്നു. ക്ലിന്റിന് 5 വയസ്സുള്ളപ്പോൾ തന്നെ ചിത്രരചനാ മത്സര ങ്ങളിലും മറ്റും സമ്മാനങ്ങൾ ലഭിക്കുകയുണ്ടായി.
1983 ഏപ്രിൽ 15നു ക്ലിന്റ് മരണമടഞ്ഞു.

എഡ്മണ്ട് തോമസ് ക്ലിന്റ്
EDMUND THOMAS CLINT



കേരളം
1976-1983





# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ | ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|---|---|---|
| 1 | | | 33 | | |
| 2 | | | 34 | | |
| 3 | | | 35 | | |
| 4 | | | 36 | | |
| 5 | | | 37 | | |
| 6 | | | 38 | | |
| 7 | | | 39 | | |
| 8 | | | 40 | | |
| 9 | | | 41 | | |
| 10 | | | 42 | | |
| 11 | | | 43 | | |
| 12 | | | 44 | | |
| 13 | | | 45 | | |
| 14 | | | 46 | | |
| 15 | | | 47 | | |
| 16 | | | 48 | | |
| 17 | | | 49 | | |
| 18 | | | 50 | | |
| 19 | | | 51 | | |
| 20 | | | 52 | | |
| 21 | | | 53 | | |
| 22 | | | 54 | | |
| 23 | | | 55 | | |
| 24 | | | 56 | | |
| 25 | | | 57 | | |
| 26 | | | 58 | | |
| 27 | | | 59 | | |
| 28 | | | 60 | | |
| 29 | | | 61 | | |
| 30 | | | 62 | | |
| 31 | | | 63 | | |
| 32 | | | 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..............................................................................................................................................

..............................................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# ചങ്ങാതിയോടൊപ്പം

നിങ്ങൾക്കെല്ലാവർക്കും ഏറ്റവും അടുത്ത ഒരു സുഹൃത്ത് ഉണ്ടാകുമല്ലോ നമ്മുടെ ഏറ്റവും വലിയ വിമർശകനും വഴികാട്ടിയും അവരുടെ കൂടെ ഇരിക്കുമ്പോൾ നടക്കുമ്പോൾ സംസാരിക്കുമ്പോൾ എല്ലാം നമ്മുടെ ഉള്ളിൽ പോസിറ്റിവായ ഊർജ്ജം നിറയ്ക്കുന്നുണ്ടല്ലോ ഒരുപക്ഷെ നിങ്ങൾ അവരെ വരച്ചിട്ടുണ്ടാകും പക്ഷെ ശില്പത്തിലാക്കിയിട്ടില്ലല്ലോ ?





## തോളോട് തോൾ ചേർന്ന്
## തോളിൽ കൈയ്യിട്ട്

ശില്പം നിർമ്മിക്കുന്നതിനുമുമ്പ് ചില മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട് ആദ്യം ഒരു ആശയം കണ്ടെത്തണം. കണ്ടെത്തിയ ആശയത്തിന്റെ നാലുഭാഗത്തുനിന്നു മുള്ള കാഴ്ച്ചകളുടെ ഡ്രോയിങ്ങ് തയ്യാറാക്കണം. ശിൽപ്പം ചെയ്യാനുള്ള മാധ്യമം ശേഖരിക്കണം വലിയ ശിൽപ്പമാണെങ്കിൽബലമുള്ള സ്കെൽട്ടൻ നിർമ്മിക്കണം.





ഒരു കലുങ്കിലോ ബെഞ്ചിലോ കാലുകൾ തൂക്കിയിട്ട് തോളിൽ കൈയ്യിട്ട് ഇരിക്കുന്ന നിങ്ങളെയും സുഹൃത്തിനെയുമാണ് ശില്പ മാക്കേണ്ടത് കളിമണ്ണിലോ ഓരോ പ്രദേശത്തും ലഭ്യമാകുന്ന മറ്റു മാധ്യമങ്ങളോ നിർമ്മാണത്തിന് ഉപയോഗിക്കാം . ശിൽപം വളരെ ചെറുതാ കാതിരിക്കാൻ ശ്രദ്ധിക്കണം.



# എടക്കൽ ഗുഹകൾ

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിക്കടുത്തുള്ള, പശ്ചിമഘട്ടത്തിന്റെ ഭാഗമായ അമ്പുകുത്തി മലയിലെ രണ്ടു പ്രകൃതിജന്യമായ ഗുഹകളാണ് എടക്കൽ ഗുഹകൾ എന്നറിയപ്പെടുന്നത്. ഇടക്കൽ എന്നും ഭാഷാന്തരം ഉണ്ട്. പാറകൾക്കിടയിലെ, അഥവാ പാറയുടെ നടുവിൽ ഉണ്ടായ വിള്ളലിലേക്ക് ഇടയിലേക്ക് മുകളിൽ നിന്ന് വീണു കിടക്കുന്ന ഒരു വലിയ കല്ലാണ് പേരിന്നാധാരം. 98 അടി നീളവും 22 അടി വീതിയുമുള്ള ഈ വിള്ളലാണ് ഗുഹയെ രൂപപ്പെടുത്തുന്നത്, ഇതിന് മുപ്പതടിയോളം ഉയരവുമുണ്ട്. ചെറുശിലായുഗ സംസ്കാര കാലഘട്ടത്തിലെന്നു കരുതുന്ന ശിലാലിഖിതങ്ങൾ ഈ ഗുഹയിൽ കാണപ്പെടുന്നു. കേരളത്തിൽ ലഭിച്ചിട്ടുള്ള ഏറ്റവും പഴക്കം ചെന്ന ലിഖിതങ്ങൾ ഇവയാണ്. സമുദ്രനിരപ്പിൽ നിന്നും ഏതാണ്ട് 4000 അടി ഉയരത്തിലുള്ള അമ്പുകുത്തിമലയുടെ മുകളിൽ ഒരു വലിയ പാറയിൽ രൂപപ്പെട്ട ഒരു വിള്ളലിൽ മുകളിൽ നിന്ന് വീണുറച്ച കൂറ്റൻ പാറയാണ് മനുഷ്യനിർമ്മിതമല്ലാത്ത ഈ ഗുഹയെ സൃഷ്ടിക്കുന്നത്. എടക്കൽ ശിലാലിഖിതങ്ങൾ ലോക കൊത്തുചിത്രകലയുടെ ആദിമ മാതൃകകളെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ളവയാണ്. പ്ര പാചീനമായ ചിത്രങ്ങളും പിൽക്കാലത്ത് രേഖപ്പെടുത്തപ്പെട്ട ലിപികളും കാണാം. 1894ൽ മലബാറിലെ ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന എഫ്. ഫോസെറ്റാണ് ദക്ഷിണേന്ത്യൻ ചരിത്രരചനയിൽ വഴിത്തിരിവുണ്ടാക്കിയ എടക്കൽ ഗുഹകളെ ലോകശ്രദ്ധയിലേക്ക് കൊണ്ടുവന്നത്. ആദിവാസികളായ മുള്ളുക്കുറുമരുടേയും പണിയരുടേയും സഹായത്തോടെ കാടുവെട്ടി വഴിയുണ്ടാക്കിയാണ് അദ്ദേഹം ഇവിടേക്കെത്തിയത്. ഫോസെറ്റ് അക്കാലത്ത് നിരവധി തവണ ഗുഹകളെപ്പറ്റി പഠനം നടത്തുകയുണ്ടായി. എടക്കൽ ഗുഹാചിത്രങ്ങൾ പ്രാചീനശിലായുഗത്തിന്റെ അന്ത്യത്തിലുള്ള ചെറു ശിലായുഗത്തിലാണ് ഉണ്ടായത്. ദക്ഷിണേന്ത്യയിൽ ഇത് ക്രി.മു. 10000 മുതൽ 4000 വരെയാണ്.



# മഹാബലിപുരം

ഇവിടം മാമല്ലപുരം എന്നും അറിയപ്പെടുന്നു. ക്രി.വ 7ാം നൂറ്റാണ്ടിൽ തെക്കൻ ഭാരതത്തിലെ പല്ലവ രാജവംശത്തിലെ രാജാക്കന്മാരാണ്, ഇന്ന് തമിഴ്നാടിന്റെ തലസ്ഥാനമായ ചെന്നൈ നഗരത്തിനു 60 കി.മീ തെക്കുള്ള ഈ നഗരം രൂപപ്പെടുത്തിയത്. പല്ലവരാജാവായിരുന്ന മാമല്ലന്റെ പേരിലാണ് ഈ സ്ഥലം അറിയപ്പെടുന്നത്. ഇവിടത്തെ ചരിത്ര സ്മാരകങ്ങളൊക്കെ തന്നെ ക്രി.വ 7ാം നൂറ്റാണ്ടിനും 9ാം നൂറ്റാണ്ടിനും ഇടയ്ക്ക് നിർമ്മിച്ചവയാണ്. മഹാബലിപുരം യുനെസ്കൊയുടെ ലോക പൈതൃക സ്മാരകങ്ങളുടെ പട്ടികയിൽ ഇടം നേടിയിട്ടുണ്ട്. സ്മാരകങ്ങളിൽ ഭൂരിഭാഗവും പാറ തുരന്ന് നിർമ്മിച്ചവയാണ്; പലതും ഒറ്റ പാറയിൽ നിർമ്മിച്ചവയാണ്. ഈ സ്മാരകങ്ങളിലെല്ലാം തന്നെ ആദികാല ദ്രാവിഡ തച്ചുശാസ്ത്രത്തിന്റെ സ്പർശം കാണാം. അതിൽ ബുദ്ധമതത്തിന്റെ പല സംഗതികളും പ്രകടമാണ്. ഗുഹാക്ഷേത്രങ്ങളും, ഒറ്റക്കൽ മണ്ഡപങ്ങളും ശില്പങ്ങളും ക്ഷേത്രങ്ങളും അടങ്ങിയതാണ് മഹാബലിപുരത്തെ സ്മാരകങ്ങൾ. പല്ലവ കലയുടെ ഉത്തമോദാഹരണങ്ങളാണ് മഹാബലിപുരം. മഹാബലിപുരം, പല്ലവരാജ്യത്തെ ഒരു ശില്പകലാ വിദ്യാലയം ആണെന്നും കരുതപ്പെടുന്നു. അപൂർണ്ണമായതും, പല ശൈലിയിലുള്ളതും ആയ അനേകം ശില്പങ്ങളാണ് ഇതൊരു വിദ്യാലയം ആണെന്ന് കരുതാൻ കാരണം. പഞ്ചരഥങ്ങൾ അഞ്ചിലും വ്യത്യസ്തമായ ശൈലികൾ ഉപയോഗിച്ചിരിക്കുന്നത് പ്രകടമാണ്.





# എലഫന്റാ ഗുഹകൾ

മഹാരാഷ്ട്രയിലെ മുംബൈ തുറമുഖത്തിന് സമീപം അറബിക്കടലിലുള്ള ദ്വീപിലെ ഗുഹാക്ഷേത്രമാണ് എലഫന്റാ ഗുഹകൾ. ഇവ ശില്പങ്ങൾ കൊണ്ട് ആകർഷക മാണ്. ഗേറ്റ് വേ ഓഫ് ഇന്ത്യയിൽ നിന്ന് ബോട്ടുമാർഗ്ഗം ഈ ദ്വീപുകളിൽ എത്താം. അർധനാരീശ്വര പ്രതിമ, കല്യാണസുന്ദര ശിവൻ, കൈലാസം ഉയർത്തുന്ന രാവണൻ, അന്ധകാരമൂർത്തി, നടരാജൻ എന്നീ ശില്പങ്ങളാണ് പ്രധാന ആകർഷണങ്ങൾ. 1987ൽ എലിഫന്റാ ഗുഹകൾ യുനെസ്കോ ലോകപൈതൃകപട്ടികയിൽ ഉൾപ്പെടുത്തി. 9 മുതൽ 13 വരെ നൂറ്റാണ്ടുകളിൽ ഭരണം നടത്തിയിരുന്ന സിൽഹാര വംശജരുടെ കാലത്താണ് ഇതിലെ ശില്പങ്ങളിലധികവും പണികഴിക്കപ്പെട്ടത്. ചിലത് രാഷ്ട്രകൂടവംശജരുടെ കാലത്തും. 6000 ചതുരശ്ര അടിയോളം (ഏതാണ്ട് 5600 ച.മീറ്റർ) ഈ ക്ഷേത്രസമുച്ചയത്തിന് വിസ്തീർണ്ണ മുണ്ട്. ഒരു പ്രധാന അറയും രണ്ട് വശങ്ങളിലെ അറകളും അങ്കണങ്ങളും ചെറിയ അമ്പലങ്ങളു മടങ്ങിയതാണ് സമുച്ചയം.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..........................................................................................................

..........................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



# സംഗീതം

# അഭിനയഗീതം

ഇന്ന് ഞാനും അച്ഛനുംകൂടി ഉത്സവം കാണുവാൻ പോയി
വേദിയിൽ കഥകളിയാണ് നടന്നിരുന്നത് .
എന്നെ ഏറ്റവും ആകർഷിച്ചത് അതിലെ പാട്ടാണ്.
**കഥകളിയിൽ ഉപയോഗിക്കുന്ന സംഗീതോപകരണങ്ങൾ ഏതൊക്കെയാണ് ?**



സംഗീതോപകരണങ്ങളുടെ പേരെഴുതുക



## മദ്ദളം

തുകൽവാദ്യ വിഭാഗത്തിൽപ്പെടുന്ന മദ്ദളം, കഥകളിയിൽ സവിശേഷമായ സ്ഥാനം അലങ്കരിക്കുന്ന ഒരു വാദ്യമാണ്. കേളി, മദ്ദളക്കേളി, പഞ്ചവാദ്യം, കഥകളി, കൃഷ്ണനാട്ടം തുടങ്ങിയ പല കലാരൂപങ്ങൾക്കും ഒഴിച്ചുകൂടാനാവാത്ത ഒരു വാദ്യമാണ് മദ്ദളം.
പരന്ന തുകൽവാറുകൾ ഉപയോഗിച്ചാണ് മദ്ദളം വലിച്ചുമുറുക്കുന്നത്.
പ്ലാവിന്റെ തടിയാണ് മദ്ദളത്തിന്റെ കുറ്റിയുണ്ടാക്കാൻ ഉപയോഗിക്കുന്നത്.





ചെണ്ടയെക്കുറിച്ച്
നിങ്ങൾക്കറിയാവുന്നത് എഴുതൂ...

...............................................................................................

...............................................................................................

...............................................................................................

...............................................................................................

...............................................................................................

ബാക്കി വാദ്യങ്ങളെപ്പറ്റി നിങ്ങളുടെ നോട്ടുബുക്കിൽ കുറിക്കുക

ഇനിയൊരുകഥകളി സംഗീതം കേട്ടാലോ ?

**അജിതാ ഹരേ  ജയാ മാധവാ വിഷ്ണോ .....**

.........................................................................................

മുകളിൽ കൊടുത്ത പദം ടീച്ചറുടെ സഹായത്തോടെ കേട്ട് ആലപിക്കുവാൻ ശ്രമിയ്ക്കു .

***ഇത് മുരിങ്ങോർ ശങ്കരൻ പോറ്റി രചിച്ച കുചേലവൃത്തം ആട്ടക്കഥയിലെ ഒരു പദമാണ്.***

കഥകളിപ്പാട്ടിനെ കഥകളിപദം എന്നാണ് വിശേഷിപ്പിക്കാറുള്ളത്




കഥകളിയിൽ പ്രധാനമായും
രണ്ടു പാട്ടുകാരാണ് ഉള്ളത്.
ചേങ്ങിലകൊട്ടി പാടുന്ന പാട്ടുകാരനെ
പൊന്നാനി എന്നും,
ഇലത്താളം പിടിച്ചു പാടുന്ന
പാട്ടുകാരനെ ശിങ്കിടി എന്നും പറയുന്നു.





ആലോചനാമൃതമായ സാഹിത്യവും,
മധുരമായ സംഗീതവും ഒത്തിണങ്ങുമ്പോഴാണ്
അഭിനയ സാഹിത്യം രംഗാവതരണ മാകുന്നത്.
അഭിനയത്തെ പൊലിപ്പിയ്ക്കലാണ്
അഭിനയഗാനത്തിന്റെ ലക്ഷ്യം .

# പ്രശസ്തരായ കഥകളി സംഗീതജ്ഞർ




മുണ്ടായ വെങ്കിടകൃഷ്ണ ഭാഗവതർ



കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ



കലാമണ്ഡലം ഉണ്ണികൃഷ്ണ കുറുപ്പ്




കലാമണ്ഡലം ഗംഗാധരൻ



കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരി



കലാമണ്ഡലം ഹൈദരാലി



വെണ്മണി ഹരിദാസ്

**കഥകളി സംഗീതം പോലെ അഭിനയപ്രാധാന്യമുള്ള മറ്റു ഗാനരൂപങ്ങളെ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.**







## കലാമണ്ഡലം
## നീലകണ്ഠൻ നമ്പീശൻ

കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ 1919ൽ പാലക്കാട് ജില്ലയിലെ കോതച്ചിറയിൽ ജനിച്ചു. ആധുനിക കഥകളി സംഗീതചരിത്രത്തിൽ അദ്ദേഹം അഗ്രഗണ്യനാണ്. ആകർഷകമായ ഘനശാരീരം, സംഗീതജ്ഞാനം, കഥകളി ചിട്ടയിൽ ആഴത്തിലുള്ള അറിവ്, എന്നിങ്ങനെ പല മേഖലകളിൽ അദ്ദേഹ ത്തിനുള്ള കഴിവ് അപാരമാണ്. അദ്ദേഹം കുട്ടിക്കാലത്ത് വെള്ളാറ്റഞ്ഞൂർ രാമൻ നമ്പീശൻ എന്ന മദ്ദള കലാകാരന്റെ കീഴിൽ അഷ്ടപദി പഠിച്ചു. നമ്പീശൻ കലാമണ്ഡലത്തിലെ സംഗീതവിഭാഗത്തിൽ ആദ്യത്തെ വിദ്യാർത്ഥി കളിലൊരാളായിരുന്നു . കാവശ്ശേരി സാമിക്കുട്ടി ഭാഗവതരുടെ കീഴിലാണ് നമ്പീശൻ കഥകളി സംഗീതത്തിൽ അഭ്യാസം തുടങ്ങിയത്. കുട്ടൻ (രാമ ഗുപ്തൻ) ഭാഗവതരും കലാമണ്ഡലത്തിൽ അദ്ദേഹത്തെ അഭ്യസിപ്പിച്ചു. മുണ്ടായ വെങ്കിടകൃഷ്ണ ഭാഗവതരുടെ ഒപ്പം ശിങ്കിടിയായി ദീർഘകാലം പാടി അരങ്ങു പരിചയവും നേടി. വെങ്കിടകൃഷ്ണ ഭാഗവതരുടെ ശൈലി അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. പട്ടിക്കാംതൊടി രാവുണ്ണി മേനോന്റെ കളരിയിൽ ചൊല്ലിയാടിക്കൊണ്ട് കഥകളിയിലെ ചിട്ടയും ചൊല്ലിയാടിക്കാ നുള്ള കഴിവും അദ്ദേഹം സമ്പാദിച്ചു. കലാമണ്ഡലത്തിൽ സംഗീതവിഭാഗ ത്തിന്റെ പഠനക്രമം രൂപപ്പെടുത്തിയതും, കർണാടക സംഗീത പഠനം നിർബന്ധമാക്കിയതും നമ്പീശന്റെ നേതൃത്വത്തിലാണ്. കലാമണ്ഡലത്തിന്റെ പ്രിൻസിപ്പാളായാണ് അദ്ദേഹം വിരമിച്ചത്. 1985ൽ കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ അന്തരിച്ചു.

# കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരി



പ്രസിദ്ധനായ ഒരു കഥകളി സംഗീതജ്ഞനായിരുന്നു ശങ്കരൻ എമ്പ്രാന്തിരി. കഥകളി സംഗീതത്തെ ജനകീയമാക്കുന്നതിന് പ്രധാന പങ്കു വഹിച്ചവരിൽ ഒരാളാണ് അദ്ദേഹം.മലപ്പുറം ജില്ലയിലെ വെള്ളയൂർ ഗ്രാമത്തിൽ 1944ൽ അദ്ദേഹം ജനിച്ചു. സ്കൂൾ പഠനത്തിനു ശേഷം അദ്ദേഹം ഗോവിന്ദപ്പിഷാരടിയുടെ കീഴിൽ സംഗീതം അഭ്യസിച്ചു. 1958 ൽ കലാമണ്ഡലത്തിൽ ചേർന്നു. അദ്ദേഹത്തിന്റെ ഗുരുക്കന്മാർ കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, കലാമണ്ഡലം ഗംഗാധരൻ, കലാമണ്ഡലം ശിവരാമൻ നായർ, മാധവപ്പണിക്കർ എന്നിവരായിരുന്നു.
1965ൽ ഇരിങ്ങാലക്കുടയിലെ ഉണ്ണായി വാര്യർ കലാനിലയത്തിൽ അധ്യാപകനായി ജോലി ലഭിച്ച അദ്ദേഹം 1970ൽ കൊച്ചിയിലുള്ള ഫാക്ട് കഥകളി സ്കൂളിൽ അധ്യാപകനായി തന്റെ കലാസപര്യ തുടർന്നു. കഥകളി സംഗീതത്തിൽ 'പൊന്നാനി' എന്നറിയപ്പെടുന്ന, പ്രധാന ഗായകനാകാൻ പിന്നീട് അധിക സമയം വേണ്ടിവന്നില്ല. കോട്ടക്കൽ ശിവരാമൻ, കലാമണ്ഡലം കൃഷ്ണൻ നായർ, കലാമണ്ഡലം ഗോപി, കലാമണ്ഡലം രാമൻകുട്ടി നായർ എന്നിവരുടെ കൂടെ പ്രവർത്തിച്ച അദ്ദേഹത്തിന്റെ സ്വരമാധുരി ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. 2003 ലെ കേരള സർക്കാരിന്റെ സ്വാതിസംഗീത പുരസ്കാരം ലഭിച്ചത് ശങ്കരൻ എമ്പ്രാന്തിരിക്കാ യിരുന്നു. അതിനുശേഷം കേരള സംഗീതനാടകഅക്കാദമിയുടെ ഫെല്ലോഷിപ്പും ലഭിച്ചു. 2007 നവംബർ 14 ന് അദ്ദേഹം മരണമടഞ്ഞു.

# കലാമണ്ഡലം ഹൈദരാലി

പ്രസിദ്ധനായ കഥകളിഗായകനായിരുന്നു കലാമണ്ഡലം ഹൈദരാലി. തൃശൂർ ജില്ലയിലെ വടക്കാഞ്ചേരിക്കടുത്ത് ഓട്ടുപാറയിൽ മൊയ്തൂട്ടിയുടെയും ഫാത്തിമയുടെയും മകനായി 1946 ഒക്ടോബർ 6ന് ജനിച്ച ഹൈദരാലി, കുട്ടിക്കാലത്ത് കടുത്ത ദാരിദ്ര്യലാണ് കഴിഞ്ഞിരുന്നത്. 1957 മുതൽ 65 വരെ കലാമണ്ഡലത്തിൽ നിന്നും നീലകണ്ഠൻനമ്പീശൻ, ശിവരാമൻനായർ, കാവുങ്ങൽ മാധവപ്പണിക്കർ, കലാമണ്ഡലം ഗംഗാധരൻ എന്നിവരുടെ കീഴിൽ കഥകളിസംഗീതം അഭ്യസിച്ചു. 1960ലായിരുന്നു അരങ്ങേറ്റം.

എഴുത്തുകാരൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടു. 'ഓർത്താൽ വിസ്മയം' എന്ന പേരിൽ ഓർമ്മക്കുറിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഥകളി സംഗീതവും കർണ്ണാടക സംഗീതവും താരതമ്യപ്പെടുത്തിയുള്ള ഗവേഷണത്തിന് കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ ഫെലോഷിപ്പ് ലഭിച്ചു. 2006 ജനുവരി 5ന് അന്തരിച്ചു



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :.............................................................................................................................

.............................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# ഹൃദയതാളവും സംഗീതരൂപങ്ങളും



ക്ലാസ്സിലേക്ക് കയറിവന്ന സുനിൽ സാർ കണ്ടത് ഡസ്ക്കിൽ കൊട്ടിപ്പാടുന്ന കുറച്ച് കുട്ടികളെയാണ്.അധ്യാപകനെ കണ്ടപ്പോൾ കുട്ടികൾ കൊട്ടു നിർത്തി. എന്നാൽ അവരോട് ദേഷ്യപ്പെടുന്നതിനു പകരം ഒന്നുകൂടി കൊട്ടുവാൻ അധ്യാപകൻ ആവശ്യപ്പെട്ടു. കൊട്ടിയതിനെക്കുറിച്ചും അതിലെ താളത്തെക്കുറിച്ചും അധ്യാപകൻ വിശദീകരിച്ചു.



## എന്താണ് താളം ?

ഒരാൾ നടന്നു പോകുമ്പോൾ അയാളുടെ കാലുകൾ ചലിക്കുന്നത് ഒരു പ്രത്യേക സമയക്രമത്തിൽ ആണെന്ന് നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? നിങ്ങളുടെ ഹൃദയമിടിപ്പ്, ക്ലോക്കിലെ സെക്കൻഡ് സൂചിയുടെ ചലനം എന്നിവയെല്ലാം ഒരു പ്രത്യേക സമയക്രമത്തിലാണ്, ഇതുപോലെ പാട്ടിന്റെ സമയക്രമമാണ് താളം.



നൃത്തം ഗീതം വാദ്യം എന്നിവയെ കോർത്തിണക്കുന്നതാണ് താളം.

താളങ്ങൾ പ്രധാനമായും ഏഴ് വിധത്തിലാണ് ആണ്. അവയെ സപ്തതാളങ്ങൾ എന്ന് വിളിക്കുന്നു.

ധ്രുവം, മഠ്യം, രൂപകം, ഝംപ, ത്രിപുട, അട, ഏക എന്നിങ്ങനെയാണ്.

ഇവയ്ക്ക് ഓരോന്നിനും അഞ്ച് ജാതികൾ കൂടി വരുമ്പോൾ 35 താളങ്ങൾ രൂപപ്പെടുന്നു. (7×5=35)

ജാതികൾ : ചതുരശ്രം (4), തിശ്രം (3), മിശ്രം (7), ഖണ്ഡം (5), സങ്കീർണ്ണം (9)







## ഇനി നമുക്കൊന്ന് താളം പിടിച്ചാലോ?

1,2,3,4,5,6,7,8 എന്നിങ്ങനെ തുടർച്ചയായ രീതിയിൽ കൈയ്യടിച്ചു കൊണ്ട് നമുക്ക് താളത്തെ ഒന്ന് പരിചയപ്പെടാം.
ഇനി 1,2,3,4 5,6,7,8 എന്നതിന് പകരം
ത-ക-ധി-മി ത-ക-ധി-മി എന്ന് കൊട്ടുക.
അതോടൊപ്പം പറയുകയും കൂടി ചെയ്യണേ...
(ഇങ്ങനെ 8 അടികളും, ഓരോ അടിക്കും 4 മാത്രകൾ വീതം കൊടുക്കുകയും ചെയ്യുമ്പോൾ 32 മാത്രകൾ ഉള്ള ആദിതാളം (ചതുരശ്ര ജാതി ത്രിപുട) രൂപപ്പെടുന്നു. (8 x 4 =32)

ഇതുപോലെ ബാക്കി വരുന്ന താളങ്ങളെക്കൂടി അധ്യാപകരുടെ സഹായത്തോടെയോ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയോ നിങ്ങൾ ക്ലാസ്സിൽ പരിചയപ്പെടുമല്ലോ ?

**നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു സിനിമാഗാനം അവതരിപ്പിച്ച് അതിലെ താളം നിർണ്ണയിക്കുക.**

വ്യത്യസ്തങ്ങളായ സംഗീത രൂപങ്ങളാൽ അനുഗ്രഹീതമായ നാടാണ് നമ്മുടെ കേരളം. അവയിൽ ചിലത് നമുക്ക് ഇവിടെ പരിചയപ്പെടാം..



## വില്ലടിച്ചാൻ പാട്ട്

തെക്കൻ തിരുവിതാംകൂറിൽ രൂപംകൊണ്ട ഒരു കഥാകഥന സമ്പ്രദായമാണ് ഇത്. തെക്കൻപാട്ടുകൾ എന്നറിയപ്പെട്ടിരുന്ന കഥാഗാനങ്ങളാണ് ഇതിന് ഉപയോഗിച്ചിരുന്നത്.അനുഷ്ഠാനമായി രൂപംകൊണ്ട ഈ കലാരൂപം ഇന്ന് കേരളമെമ്പാടും ഉത്സവങ്ങളോടനുബന്ധിച്ച് ഒരു കലാപരിപാടിയായി അവതരിപ്പിച്ചുവരുന്നു.



## പുള്ളുവൻ പാട്ട്

കേരളത്തിന്റെ തനത് പാരമ്പര്യത്തിന്റെ ഭാഗവും പ്രാചീനവും ആയ നാടൻപാട്ട് സംസ്കാരത്തിൽ വേറിട്ടുനിൽക്കുന്ന ഒരു സംഗീത ശാഖയാണ് പുള്ളുവൻപാട്ട്. ഇതൊരു അനുഷ്ഠാനകല ആയി നിലനിൽക്കുന്നു. പുള്ളുവ കുടവും പുള്ളുവവീണയും ആണ് ഇതിലെ പ്രധാന വാദ്യോപകരണങ്ങൾ.



## സോപാനസംഗീതം

കേരളത്തിലെ ക്ഷേത്രങ്ങളിൽ അവതരിപ്പിച്ചു വരുന്ന കലാരൂപമാണ് സോപാനസംഗീതം. ദേവി ദേവ സ്തുതികൾ ആണ് ഇതിൽ ഉപയോഗിക്കുന്നത്. ജയദേവരുടെ ഗീതാഗോവിന്ദത്തിലെ 'അഷ്ടപദി' ആണ് സാധാരണ സോപാനസംഗീതത്തിൽ അവതരിപ്പിക്കുന്നത്. 'ഇടയ്ക്ക'യാണ് സോപാനസംഗീതത്തിൽ വാദ്യമായി സാധാരണ ഉപയോഗിക്കാറുള്ളത്.




## വഞ്ചിപ്പാട്ട്


